| ഗസറ്റ് തീയതി **09-07-2013**<br>അവസാനതീയതി **07-08-2013** |
|---|
| **Category No: 146/2013** |

**<u>എലിജിബിലിറ്റി (അർഹതാ നിർണ്ണയ) പരീക്ഷ</u>**

**<u>ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അറ്റന്റർമാരായി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനുള്ള എലിജിബിലിറ്റി (അർഹതാ നിർണ്ണയ) പരീക്ഷ</u>**

**സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിലേയും പ്രൈവറ്റ് കോളേജുകൾ, പ്രൈവറ്റ് എഞ്ചിനീയറിംഗ് കോളേജുകൾ, പ്രൈവറ്റ് പോളിടെക്നിക്കുകൾ, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, എയ്ഡഡ് സ്കൂളുകൾ, പ്രൈവറ്റ് ആയുർവ്വേദ കോളേജുകൾ എന്നിവിടങ്ങളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും മേൽപ്പറഞ്ഞ എലിജിബിലിറ്റി (അർഹതാ നിർണ്ണയ) പരീക്ഷയിൽ പങ്കെടുക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു.**

**ഈ തസ്തികയ്ക്ക് ഇതിനുമുൻപ് നടത്തിയിട്ടുള്ള അർഹതാ നിർണ്ണയ പരീക്ഷയിൽ വിജയികളായവർ ഈ വിജ്ഞാപന പ്രകാരം വീണ്ടും അപേക്ഷിക്കേണ്ടതില്ല. ഈ പരീക്ഷ സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിലും, പ്രൈവറ്റ് കോളേജ്, പ്രൈവറ്റ് എഞ്ചിനീയറിംഗ് കോളേജ്, പ്രൈവറ്റ് പോളിടെക്നിക്ക്, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, എയ്ഡഡ് സ്കൂളുകൾ, പ്രൈവറ്റ് ആയുർവ്വേദ കോളേജുകൾ എന്നിവിടങ്ങളിൽ അറ്റന്റർമാരുടെ ഒഴിവുകൾ ഉണ്ടാകുമ്പോൾ അറ്റന്റർമാരായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യത നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം നടത്തുന്നതാകുന്നു. പരീക്ഷയിൽ വിജയികളാകുന്നവരെ അറ്റന്റർമാരായി നിയമിക്കുന്നത് ഇത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾക്കും നിയമങ്ങൾക്കും വിധേയമായി ബന്ധപ്പെട്ട നിയമനാധികാരികൾ തന്നെ ആയിരിക്കും.**

**പ്രൈവറ്റ് കോളേജ്, പ്രൈവറ്റ് എഞ്ചിനീയറിംഗ് കോളേജ്, പ്രൈവറ്റ് പോളിടെക്നിക്ക്, എയ്ഡഡ് സ്കൂളുകൾ, പ്രൈവറ്റ് ആയുർവ്വേദ കോളേജ് എന്നിവിടങ്ങളിൽ ഈ പരീക്ഷ ജയിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അറ്റന്റർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നത് അതാത് സ്കൂൾ / കോളേജ് മാനേജുമെന്റിലെ നിയമനാധികാരികളായിരിക്കും.**

**1). <u>യോഗ്യതകൾ:–</u>**

**ശ) അപേക്ഷകർ തേർഡ് ഫാറമോ (III form) പുതിയ ഏഴാം സ്റ്റാൻഡേർഡോ (VII Standard New) തത്തുല്യമായ പരീക്ഷയോ അല്ലെങ്കിൽ വെർണാകുലർ, സ്കൂൾ ലിവിംഗ് സർട്ടിഫിക്കറ്റ് പരീക്ഷയോ വിജയിച്ചിരിക്കണം. എന്നാൽ അപേക്ഷകർക്ക് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിൽ ലാസ്റ്റ്**

ഗ്രേഡായി കേരള സംസ്ഥാന സർവ്വീസിലോ പ്രൈവറ്റ് കോളേജ് / പ്രൈവറ്റ് എഞ്ചിനീയറിംഗ് കോളേജ് / പ്രൈവറ്റ് പോളിടെക്നിക്ക് / സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് / കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി / എയ്ഡഡ് സ്കൂളുകൾ / പ്രൈവറ്റ് ആയുർവ്വേദ കോളേജ് എന്നിവിടങ്ങളിലോ അഞ്ച് വർഷത്തിൽ കുറയാത്ത സർവ്വീസ് ദൈർഘ്യം ഉണ്ടെങ്കിൽ മുകളിൽ പറയുന്ന വിദ്യാഭ്യാസ യോഗ്യത ബാധകമല്ല.

ii) ബന്ധപ്പെട്ട യോഗ്യത നിശ്ചയിച്ചിരിക്കുന്ന തസ്തികയിൽ **approved probationer or full member** ആയിരിക്കണം.

**2).** <u>പ്രായപരിധി:–</u> ബാധകമല്ല.

**3).** <u>പരീക്ഷ:–</u> ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ ഒബ്ജക്ടീവ് രീതിയിലുള്ള (ഒ.എം.ആർ. മൂല്യനിർണ്ണയം) ഒരു മണിക്കൂർ 15 മിനിറ്റ് ദൈർഘ്യവും പരമാവധി 100 മാർക്കുമുള്ള പരീക്ഷ.

**4).** <u>അപേക്ഷാ ഫീസ്:–</u> ടി പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് ഇല്ല

5). <u>അപേക്ഷ സമർപ്പിക്കേണ്ട രീതി:–</u> അപേക്ഷകൾ ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനത്തിൽ **www.keralapsc.gov.in** എന്ന site-ൽ രജിസ്റ്റർ ചെയ്ത ശേഷം തങ്ങളുടെ പ്രൊഫൈലിലൂടെ ഓൺലൈനായി മാത്രം അയക്കേണ്ടതാണ്. <u>വിശദ വിവരങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും പൊതു നിർദ്ദേശങ്ങൾ കാണുക.</u>

<u>കുറിപ്പ്:–</u> i) വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

ii) അർഹതാ നിർണ്ണയ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച പരീക്ഷാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത കൂടാതെ അപേക്ഷയിലെ വിവരങ്ങൾ ശരിയാണെന്ന് തെളിയിക്കുന്ന ഒരു സാക്ഷ്യപത്രം, സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ ഓഫീസ് / വകുപ്പ് മേധാവിയുടെ ഒപ്പ്, പേര്, ഔദ്യോഗിക പദവി, ഓഫീസ് സീൽ എന്നിവ രേഖപ്പെടുത്തി സർട്ടിഫിക്കറ്റ് പരിശോധനാ സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്. അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ വീണ്ടും സമയം അനുവദിക്കുന്നതല്ല.

iii) കമ്മീഷൻ നടത്തുന്ന യോഗ്യതാ നിർണ്ണയ പരീക്ഷയിൽ വിജയിക്കുവാൻ വേണ്ട മിനിമം മാർക്ക് 40% ആയി നിശ്ചയിച്ചിരിക്കുന്നു.

**6).** <u>അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി</u> :- **07/08/2013** ബുധനാഴ്ച അർദ്ധരാത്രി 12 മണിവരെ.